milma

# Malabar Regional Co-operative Milk Producers' Union Ltd.

Head Office: Peringolam, Kunnamangalam, Kozhikode, Kerala - 673 571

No: MRU: P&I: 322(A/B/C): 2024-25 : 842 30.03.2024

**സർക്കുലർ...987.../2024**

**വിഷയം:** **മിൽമ, മലബാർ മേഖലാ യൂണിയൻ ചോളപ്പുല്ലും, ബാഗിൽ നിറച്ച ചോളം സൈലേജും, ബെയിൽഡ് ചോളം സൈലേജും വിതരണം ചെയ്യുന്നത് സംബന്ധിച്ച്.**

**സൂചന :** **മലബാർ മേഖലാ യൂണിയന്റെ 2024-25 വർഷത്തെ വാർഷിക പദ്ധതി ആസൂത്രണ മാർഗ്ഗരേഖ (YPO).**

ക്ഷീര കർഷകരുടെ പാലുൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനും തീറ്റവസ്തുക്കളുടെ ക്ഷാമം പരിഹരിക്കുന്നതിനും വേണ്ടി മലബാർ മേഖലാ യൂണിയൻ ഏറ്റവും ഗുണനിലവാരമുള്ളതും പോഷകസമ്പുഷ്ടവുമായ കായ്ഫലത്തോടു കൂടിയ ചോളപ്പുല്ല്, പ്ലാസ്റ്റിക് ബാഗുകളിൽ നിറച്ച ചോളം സൈലേജ്, ബെയിൽഡ് ചോളം സൈലേജ്, പച്ചപ്പുല്ല് തുടങ്ങിയവ വിതരണം ചെയ്തു വരികയാണ്. 2024-25 വർഷത്തെ വാർഷിക പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം 2024 ഏപ്രിൽ 1 മുതൽ മേൽപ്പറഞ്ഞ തീറ്റവസ്തുക്കൾക്ക് താഴെ പറയും പ്രകാരം സബ്സിഡി അനുവദിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

| ക്ര.ന | ഫോഡർ ഇനം | കർഷകർക്ക് അനുവദിക്കുന്ന സബ്സിഡി | ക്ഷീര സംഘങ്ങൾക്ക് അനുവദിക്കുന്ന കൈകാര്യച്ചെലവ് |
|---|---|---|---|
| 1 | പച്ചപ്പുല്ല് | 1 രൂപ/കി.ഗ്രാം | - |
| 2 | ചോളപ്പുല്ല് | 1 രൂപ/കി.ഗ്രാം | 0.25 രൂപ/കി.ഗ്രാം |
| 3 | ബാഗ് ചോളം സൈലേജ് | 1.25 രൂപ/കി.ഗ്രാം | 0.25 രൂപ/കി.ഗ്രാം |
| 4 | ബെയിൽഡ് ചോളം സൈലേജ് | 1.25 രൂപ/കി.ഗ്രാം | 0.25 രൂപ/കി.ഗ്രാം |

ചോളപ്പുല്ല്, പ്ലാസ്റ്റിക് ബാഗുകളിൽ നിറച്ച ചോളം സൈലേജ്, ബെയിൽഡ് ചോളം സൈലേജ്, എന്നീ തീറ്റവസ്തുക്കൾ വിതരണം നടത്തുന്നതിനുള്ള വിതരണക്കാരെ കണ്ടെത്തുന്നത് ഓരോ ആറ് മാസത്തിലും ക്ഷണിക്കുന്ന ഇ-ടെണ്ടർ വഴിയാണ്.

2024 ഏപ്രിൽ 1 മുതൽ 2024 സെപ്തംബർ 30 വരെയുള്ള ആറ് മാസകാലത്തേക്ക് വിതരണം ചെയ്യുന്ന ചോളപ്പുല്ല്, പ്ലാസ്റ്റിക് ബാഗുകളിൽ നിറച്ച ചോളം സൈലേജ്, ബെയിൽഡ് ചോളം സൈലേജ് തുടങ്ങിയവയുടെ വിലയും, വിതരണക്കാരുടെ പേരുമാണ് താഴെ കൊടുത്തിരിക്കുന്നത്.

## 1) കായ്ഫലത്തോടു കൂടിയ ചോളപ്പുല്ല് വിതരണം.

| ക്രം.ന. | പി&ഐ യൂണിറ്റ് | യഥാർത്ഥ വില (Rs/kg) | മേഖലാ യൂണിയൻ അനുവദിക്കുന്ന സബ്സിഡി | സബ്സിഡി കഴിച്ച് കർഷകർ നൽകേണ്ട വില (Rs/kg) |
|---|---|---|---|---|
| 1 | പാലക്കാട് | 4.36 | ചോളപ്പുല്ലിന് സബ്സിഡിയായി കർഷകർക്ക് 1 രൂപ/കി.ഗ്രാം നിരക്കിലും ക്ഷീര സംഘങ്ങൾക്ക് കൈകാര്യ ചെലവിനത്തിൽ 25 പൈസ/കി.ഗ്രാം നിരക്കിലും | 3.36 |
| 2 | അട്ടപ്പാടി | 4.37 | | 3.37 |
| 3 | പട്ടാമ്പി | 4.88 | | 3.88 |
| 4 | മലപ്പുറം | 4.88 | | 3.88 |
| 5 | മൂർക്കനാട് | 4.88 | | 3.88 |
| 6 | കോഴിക്കോട് | 4.87 | | 3.87 |
| 7 | വടകര | 5.03 | | 4.03 |
| 8 | വയനാട് | 4.34 | | 3.34 |
| 9 | കണ്ണൂർ | 5.08 | | 4.08 |
| 10 | കാസറഗോഡ് | 5.18 | | 4.18 |

2024 ഏപ്രിൽ 1 മുതൽ 2024 സെപ്തംബർ 30 വരെയുള്ള ആറു മാസക്കാലത്തേക്കാണ് മേൽപ്പറഞ്ഞ നിരക്കുകളിൽ ചോളപ്പുല്ല് വിതരണം നടത്തുക. പ്രസ്തുത കാലയളവിൽ പാലക്കാട്, അട്ടപ്പാടി, പട്ടാമ്പി, മലപ്പുറം, മൂർക്കനാട്, വടകര, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ പി&ഐ യൂണിറ്റുകൾക്ക് കീഴിലുള്ള ക്ഷീരസംഘങ്ങളിൽ ചോളപ്പുല്ല് വിതരണം നടത്തുന്നതിനായി എം.പി അബ്ദുൽ ബഷീർ (മുരിങ്ങം പുറായിൽ ഹൗസ്, തച്ചംപൊയിൽ പി.ഒ, കോഴിക്കോട്-673 573) എന്ന വിതരണക്കാരനെയും, കോഴിക്കോട് പി&ഐ യൂണിറ്റിന് കീഴിലുള്ള ക്ഷീരസംഘങ്ങളിൽ ചോളപ്പുല്ല് വിതരണം നടത്തുന്നതിനായി അബ്ദുൽ റഷീദ്.എം (സീബ് ഹൗസ്, ഫാറൂഖ് കോളേജ് പി.ഒ, രാമനാട്ടുകര, കോഴിക്കോട് – 673 632) എന്ന വിതരണക്കാരനെയുമാണ് അംഗീകൃത വിതരണക്കാരായി തെരഞ്ഞെടുത്തിരിക്കുന്നത്.

## 2) പ്ലാസ്റ്റിക് ബാഗുകളിൽ നിറച്ച ചോളം സൈലേജ് വിതരണം

| ക്രം.ന. | പി & ഐ യൂണിറ്റ് | യഥാർത്ഥ വില (Rs/kg) | മേഖലാ യൂണിയൻ അനുവദിക്കുന്ന സബ്സിഡി | സബ്സിഡി കഴിച്ച് കർഷകർ നൽകേണ്ട വില (Rs/kg) |
|---|---|---|---|---|
| 1 | പാലക്കാട് | 7.20 | ബാഗ് സൈലേജ് സബ്സിഡിയായി കർഷകർക്ക് 1.25 രൂപ/കി.ഗ്രാം നിരക്കിലും ക്ഷീര സംഘങ്ങൾക്ക് കൈകാര്യ ചെലവിനത്തിൽ 25 പൈസ/കി.ഗ്രാം നിരക്കിലും | 5.95 |
| 2 | അട്ടപ്പാടി | 7.60 | | 6.35 |
| 3 | പട്ടാമ്പി | 7.45 | | 6.20 |
| 4 | മലപ്പുറം | 7.35 | | 6.10 |
| 5 | മൂർക്കനാട് | 7.35 | | 6.10 |
| 6 | കോഴിക്കോട് | 7.40 | | 6.15 |
| 7 | വടകര | 7.65 | | 6.40 |
| 8 | വയനാട് | 7.45 | | 6.20 |
| 9 | കണ്ണൂർ | 7.50 | | 6.25 |
| 10 | കാസറഗോഡ് | 7.80 | | 6.55 |

2024 ഏപ്രിൽ 1 മുതൽ 2024 സെപ്തംബർ 30 വരെയുള്ള ആറു മാസക്കാലത്തേക്കാണ് മേൽപ്പറഞ്ഞ നിരക്കുകളിൽ ബാഗ് സൈലേജ് വിതരണം നടത്തുക. മേൽപ്പറഞ്ഞ കാലയളവിൽ പാലക്കാട്, മലപ്പുറം, മൂർക്കനാട്, കോഴിക്കോട് എന്നീ പി ആന്റ് ഐ യൂണിറ്റുകൾക്ക് കീഴിലുള്ള ക്ഷീര സംഘങ്ങളിൽ ബാഗ് സൈലേജ് വിതരണം ചെയ്യുന്നതിനായി റാൽഫ്റോസ് കാറ്റിൽ ഫീഡ്സ് പ്രൈവറ്റ് ലിമിറ്റഡ് (മജിസ്ട്രേറ്റ് കോർട്ട് നമ്പർ XXVII 36IC ന് എതിർ വശം, ചാലക്കുടി പി.ഒ തൃശൂർ 680307), എന്ന വിതരണക്കാരനെയും; അട്ടപ്പാടി, പട്ടാമ്പി എന്നീ പി ആന്റ് ഐ യൂണിറ്റുകൾക്ക് കീഴിലുള്ള ക്ഷീര സംഘങ്ങളിൽ ബാഗ് സൈലേജ് വിതരണം ചെയ്യുന്നതിനായി മലബാർ ഫീഡ്സ് (വരദൂർ പി.ഒ, വയനാട് – 673591) എന്ന വിതരണക്കാരനെയും; വടകര, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ പി ആന്റ് ഐ യൂണിറ്റുകൾക്ക് കീഴിലുള്ള ക്ഷീര സംഘങ്ങളിൽ ബാഗ് സൈലേജ് വിതരണം ചെയ്യുന്നതിനായി സിഫക്കോ പ്രൈവറ്റ് ലിമിറ്റഡ് (4/93/A1, കുരിശുപറമ്പിൽ, കരുവന്നൂർ പി.ഒ, തൃശൂർ – 680711) എന്ന വിതരണക്കാരനെയുമാണ് അംഗീകൃത വിതരണക്കാരായി തെരഞ്ഞെടുത്തിരിക്കുന്നത്.

### 3) ബെയിൽഡ് ചോളം സൈലേജ് വിതരണം

| ക്ര.ന. | പി & ഐ യൂണിറ്റ് | യഥാർത്ഥ വില (Rs/kg) | മേഖലാ യൂണിയൻ അനുവദിക്കുന്ന സബ്സിഡി | സബ്സിഡി കഴിച്ച് കർഷകർ നൽകേണ്ട വില (Rs/kg) |
|---|---|---|---|---|
| 1 | പാലക്കാട് | 7.15 | ബെയിൽഡ് സൈലേജ് സബ്സിഡിയായി കർഷകർക്ക് 1.25 രൂപ/കി.ഗ്രാം നിരക്കിലും ക്ഷീര സംഘങ്ങൾക്ക് കൈകാര്യ ചെലവിനത്തിൽ 25 പൈസ/കി.ഗ്രാം നിരക്കിലും | 5.90 |
| 2 | അട്ടപ്പാടി | 7.35 | | 6.10 |
| 3 | പട്ടാമ്പി | 7.25 | | 6.00 |
| 4 | മലപ്പുറം | 7.35 | | 6.10 |
| 5 | മൂർക്കനാട് | 7.35 | | 6.10 |
| 6 | കോഴിക്കോട് | 7.40 | | 6.15 |
| 7 | വടകര | 7.60 | | 6.35 |
| 8 | വയനാട് | 7.40 | | 6.15 |
| 9 | കണ്ണൂർ | 7.45 | | 6.20 |
| 10 | കാസറഗോഡ് | 7.80 | | 6.55 |

2024 ഏപ്രിൽ 1 മുതൽ 2024 സെപ്തംബർ 30 വരെയുള്ള ആറു മാസക്കാലത്തേക്കാണ് മേൽപ്പറഞ്ഞ നിരക്കുകളിൽ ബെയിൽഡ് സൈലേജ് വിതരണം നടത്തുക. മേൽപ്പറഞ്ഞ കാലയളവിൽ പാലക്കാട്, അട്ടപ്പാടി എന്നീ പി ആന്റ് ഐ യൂണിറ്റുകൾക്ക് കീഴിലുള്ള ക്ഷീര സംഘങ്ങളിൽ ബെയിൽഡ് സൈലേജ് വിതരണത്തിനായി ഗ്രീൻഫാംസ് (290/325, പശുപതീശ്വരൻ, പുഞ്ചത്തുറൈയ് പാളയം ടൗൺ, ഗോപിചെട്ടിപാളയം താലൂക്ക്, ഇറോഡ്–638506) എന്ന വിതരണക്കാരനെയും; പട്ടാമ്പി പി&ഐ യൂണിറ്റിന് കീഴിലുള്ള ക്ഷീര സംഘങ്ങളിൽ ബെയിൽഡ് സൈലേജ് വിതരണം ചെയ്യുന്നതിനായി റാൽഫ് റോസ് കാറ്റിൽ ഫീഡ്സ് പ്രൈവറ്റ് ലിമിറ്റഡ് (മജിസ്ട്രേറ്റ് കോർട്ട് നമ്പർ XXVII 36IC ന് എതിർ വശം, ചാലക്കുടി പി.ഒ തൃശൂർ 680307), എന്ന വിതരണക്കാരനെയും; മലപ്പുറം, മൂർക്കനാട്, കോഴിക്കോട്, വടകര, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ പി ആന്റ് ഐ യൂണിറ്റുകൾക്ക് കീഴിലുള്ള ക്ഷീര സംഘങ്ങളിൽ ബെയിൽഡ് സൈലേജ് വിതരണത്തിനായി അബ്ദുൽ ബഷീർ എം.പി (മുരിങ്ങം പുറായിൽ ഹൗസ്, തച്ചംപൊയിൽ പി.ഒ, കോഴിക്കോട്–673 573) എന്ന വിതരണക്കാരനെയുമാണ് അംഗീകൃത ബെയിൽഡ് സൈലേജ് വിതരണക്കാരായി തെരഞ്ഞെടുത്തിരിക്കുന്നത്.

REGIONAL CO-OP... No. ... H.O Calicut

മലബാർ മേഖലാ യൂണിയൻ 2024-25 സാമ്പത്തിക വർഷം ക്ഷീര സംഘങ്ങൾ വഴി വിതരണം നടത്തുന്ന പച്ചപ്പുല്ല്, ചോളപ്പുല്ല്, ബാഗ് സൈലേജ്, ബെയിൽഡ് സൈലേജ് തുടങ്ങിയ തീറ്റ വസ്തുക്കൾ വാങ്ങുന്ന കർഷകർക്ക് സബ്സിഡിയിനത്തിലും, ക്ഷീര സംഘങ്ങൾക്ക് കൈകാര്യ ചെലവ് ഇനത്തിലും ആകെ ഒരു വർഷത്തേക്ക് അനുവദിക്കുന്ന തുക ഓരോ ക്ഷീര സംഘവും 2023-2024 സാമ്പത്തിക വർഷം മേഖലാ യൂണിയന് നൽകിയ ഓരോ ലിറ്റർ പാലിനും പരമാവധി ഒരു രൂപ എന്ന നിരക്കിൽ പരിമിതപ്പെടുത്തുന്നതായിരിക്കും. മേൽ പറഞ്ഞ രീതിയിൽ കർഷകർക്കും ക്ഷീര സംഘങ്ങൾക്കും പരമാവധി അനുവദിക്കുന്ന തുക പൂർണ്ണമായും ഉപയോഗിച്ച് തീരുന്ന പക്ഷം സബ്സിഡിയും കൈകാര്യച്ചെലവും ഇല്ലാതെ തന്നെ മേൽപ്പറഞ്ഞ തീറ്റവസ്തുക്കൾ ആവശ്യമെങ്കിൽ ലഭ്യമാക്കുന്നതാണ്.

30/3/2024
CM

മാനേജിംഗ് ഡയറക്ടർ

എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും

പകർപ്പ് : മാനേജർ (ഫിനാൻസ്)
: എല്ലാ ജില്ലാ പി&ഐ യൂണിറ്റ് മേധാവികൾ/ പി&ഐ സബ് യൂണിറ്റ് മേധാവികൾക്കും } മേൽ നടപടികൾക്കായി

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. No. [illegible] (D) H.O. Calicut